ഉത്തരം

(എ) ബാർ കോഴ സംബന്ധിച്ച് വിജിലൻസ് വകുപ്പിന് 3 പരാതികൾ കിട്ടിയിട്ടുണ്ട്. ഇതുമായി ബന്ധപ്പെട്ട് പരാതികൾ തന്നവരുടെ വിവരങ്ങൾ താഴെ ചേർക്കുന്നു.

1. ശ്രീ. വി. എസ്. അച്യുതാനന്ദൻ - ബഹു. പ്രതിപക്ഷ നേതാവ്.
2. ശ്രീ. പി. കെ. രാജു, പട്ടം മെഡിക്കൽ കോളേജ് - സ്വകാര്യ വ്യക്തി.
3. ശ്രീ. മുണ്ടേല ബഷീർ, നെടുമങ്ങാട് - സ്വകാര്യ വ്യക്തി.

(ബി) പ്രസ്തുത പരാതികൾ അന്വേഷണ വിധേയമാക്കിയിട്ടുണ്ട്.

(സി) പ്രതിപക്ഷനേതാവ് ശ്രീ. വി. എസ്. അച്യുതാനന്ദന്റെ പരാതിയുടെ അടിസ്ഥാനത്തിൽ താഴെപ്പറയുന്ന വ്യക്തികളെ ചോദ്യം ചെയ്യുകയുണ്ടായി.

1. ധനകാര്യ മന്ത്രി ശ്രീ. കെ. എം. മാണി.
2. ഗവൺമെന്റ് ചീഫ് വിപ്പ് ശ്രീ. പി. സി. ജോർജ്ജ്.

(ഡി) അന്വേഷണ സംഘം 22 ബാർ ഉടമകളെ ചോദ്യം ചെയ്യുകയുണ്ടായി. ചോദ്യം ചെയ്ത ബാർ ഉടമകൾ കോഴ നൽകാൻ പണം നൽകിയതായി പറഞ്ഞിട്ടില്ല. അപ്രകാരം പണം നൽകിയതായി വെളിവാക്കപ്പെട്ട ആരും അന്വേഷണ സംഘത്തിന് മുമ്പാകെ ഹാജരാകാൻ കൂട്ടാക്കിയിട്ടില്ല. പണം നൽകിയതായി പറയുന്നവർ ബാർ അസോസിയേഷനുള്ള കേസുകളുടെ നടത്തിപ്പിനായി ആണ് പണം നൽകിയത് എന്നാണ് അറിയിച്ചിരിക്കുന്നത്.

വിജിലൻസ് റെയ്ഡ്

282 (284) ശ്രീ. സി. ദിവാകരൻ : താഴെ കാണുന്ന ചോദ്യത്തിന് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനത്തെ എത്ര ഉന്നതോദ്യോഗസ്ഥരുടെ വീടുകളിലാണ് 2014 ഒക്ടോബർ, നവംബർ മാസങ്ങളിൽ വിജിലൻസ് റെയ്ഡ് നടത്തിയത് ; എത്ര ഉദ്യോഗസ്ഥരാണ് കണക്കിൽ കവിഞ്ഞ സ്വത്ത് സമ്പാദിച്ചതായി കണ്ടെത്തിയത്; ഇവരുടെ പേരിൽ എന്ത് നടപടിയാണ് സ്വീകരിച്ചതെന്ന് വിശദമാക്കുമോ ?

ഉത്തരം

2014 ഒക്ടോബർ, നവംബർ മാസങ്ങളിൽ വരവിൽ കവിഞ്ഞ സ്വത്ത് സമ്പാദിച്ചു എന്ന വിഷയവുമായി ബന്ധപ്പെട്ട് ഡോക്ടർ ഷാനവാസ്, മാനേജിംഗ് ഡയറക്ടർ, സ്റ്റീൽ എമർജിംഗ് ഇന്ത്യാ ലിമിറ്റഡ്, ശ്രീ. പി. കെ. ഷാജി,

LIBRARY ARCHIVES Kerala Legislative Assembly

തഹസിൽദാർ, ശ്രീ. റ്റി. ഒ. സൂരജ്, സെക്രട്ടറി, പൊളമരാമത്ത് വകുപ്പ് എന്നീ 3 ഉന്നത ഉദ്യോഗസ്ഥരുടെ വീടുകളിൽ റെയ്ഡ് നടത്തിയിട്ടുണ്ട്. ഇവർക്കെതിരെയുള്ള കേസുകളിൽ അന്വേഷണം നടന്നുകൊണ്ടിരിക്കുന്നു. അന്വേഷണ വിധേയമായി ശ്രീ. റ്റി. ഒ. സൂരജിനെ സർക്കാർ സർവ്വീസിൽനിന്നും സസ്പെന്റ് ചെയ്തിട്ടുണ്ട്.

സർക്കാർ ഉദ്യോഗസ്ഥർക്കെതിരെ വിജിലൻസ് അന്വേഷണം

283 (285) ശ്രീ. ബാബു എം. പാലിശ്ശേരി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അഴിമതി നടത്തിയതുമായി ബന്ധപ്പെട്ട് സംസ്ഥാനത്ത് എത്ര സർക്കാർ ഉദ്യോഗസ്ഥർക്കെതിരെ വിജിലൻസ് അന്വേഷണം നിലവിലുണ്ട്;

(ബി) ഇതിൽ എത്ര കേസ്സുകളിൽ ചാർജ് ഷീറ്റ് സമർപ്പിച്ചിട്ടുണ്ട്;

(സി) സർക്കാർ സർവ്വീസിൽ അഴിമതി, കൈക്കൂലി തുടങ്ങിയവ തടയുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) അഴിമതി നടത്തിയതുമായി ബന്ധപ്പെട്ട് സംസ്ഥാനത്ത് 3000-ത്തോളം സർക്കാർ ഉദ്യോഗസ്ഥർക്കെതിരെ വിജിലൻസ് അന്വേഷണം നിലവിലുണ്ട്.

(ബി) അന്വേഷണം പൂർത്തിയായ 632 കേസുകളിൽ തിരുവനന്തപുരം, തൃശ്ശൂർ, കോട്ടയം, കോഴിക്കോട് കോടതികളിലായി ചാർജ്ജ് ഷീറ്റ് നൽകിയിട്ടുണ്ട്.

(സി) പൊതുജന പങ്കാളിത്തത്തോടെ അഴിമതിയ്ക്കെതിരായ പോരാട്ടം കൂടുതൽ ശക്തിപ്പെടുത്താൻ തീരുമാനിച്ചിട്ടുണ്ട്. വിജിലൻസ് ബ്യൂറോയുടെ സുവർണ്ണ ജൂബിലി വർഷം സമഗ്ര അഴിമതി വിരുദ്ധ ബോധവൽക്കരണ വർഷമായി ആചരിക്കുന്നു. ഇതിന്റെ ഭാഗമായി സെമിനാറുകൾ, ചർച്ചാ ക്ലാസ്സുകൾ, റാലികൾ മുതലായവ സംഘടിപ്പിച്ചിട്ടുണ്ട്. മെച്ചപ്പെട്ട പ്രവർത്തനങ്ങൾക്കായി ടോൾഫ്രീ പരാതി പരിഹാര മൊബൈൽ ഫോൺ, ലൈറ്റ്നിംഗ് സ്ക്വാഡ്, എസ്.എം.എസ്, വാട്ട്സ് ആപ്പ് തുടങ്ങിയ ഇലക്ട്രോണിക്ക് മാദ്ധ്യമങ്ങൾ വഴി പൊതുജനങ്ങൾക്ക് അഴിമതിയെ സംബന്ധിച്ച പരാതികൾ നൽകാവുന്നതും ആയതിന് പരിഹാരം എത്രയും പെട്ടെന്ന് കാണാൻ ശ്രമിക്കുകയും ചെയ്തു വരുന്നു. ഇവയുടെ പരസ്യം ഇതിനായി വ്യാപകമായി നൽകിയിട്ടുണ്ട്. മിന്നൽ പരിശോധന എല്ലാ വകുപ്പുകളിലും നടത്താൻ ശ്രമിക്കുന്നു. സ്കൂൾ തലങ്ങളിൽ അഴിമതിയ്ക്കെതിരെ ബോധവൽക്കരണം നടത്താൻ പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട്. ജില്ലാതല വിജിലൻസ് കമ്മിറ്റികൾ പുനർജ്ജീവിത ബോധവൽക്കരണം നടത്താൻ തീരുമാനിച്ചിട്ടുണ്ട്. കൂടാതെ മറ്റ് വകുപ്പുകളിലെ വിജിലൻസ് മേധാവികളെ പങ്കെടുപ്പിച്ച് പരിശീലനം നടത്തിവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly